# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **3498** **30.01.2014** ൽ മറുപടിയ്ക്ക്

## കരിമണൽ കള്ളക്കടത്ത് തടയുന്നതിന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ ഒത്തുതീർപ്പ് വ്യവസ്ഥ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ.സി. ദിവാകരൻ** | | **ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി)** |
| (എ) | കരിമണൽ കള്ളക്കടത്ത് വ്യാപകമായി നടക്കുന്നുവെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>ഇത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി എന്തെല്ലാമാണ്;<br>വ്യക്തമാക്കാമോ; | (എ) | പത്ര വാർത്തകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. കൊല്ലം, ആലപ്പുഴ ജില്ലകളിലെ അനധികൃത കരിമണൽ ഖനനവും കടത്തും ഫലപ്രദമായി തടയുന്നതിന് റവന്യൂ/പോലീസ്/ജിയോളജി ഉദ്യോഗസ്ഥർ ഉൾപ്പെട്ട ഓരോ ജില്ലാ സ്ക്വാഡ് പ്രവർത്തനം നടത്തിവരുന്നുണ്ട്. മൈനിംഗ് & ജിയോളജി വകുപ്പും പോലീസും ചേർന്ന് പ്രോസിക്യൂഷൻ നടപടികളും സ്വീകരിക്കുന്നുണ്ട്. മൈനിംഗ് & ജിയോളജി വകുപ്പിലെ ദക്ഷിണമേഖലാ സ്ക്വാഡും, കൊല്ലം, ആലപ്പുഴ ജില്ലാ ആഫീസുകളും നിരന്തരം പരിശോധന നടത്തുന്നുണ്ട്.<br>ആഭ്യന്തര വകുപ്പിന്റെ 28.10.2013 ലെ ഉത്തരവ് പ്രകാരം അനധികൃത കരിമണൽ ഖനനം/കടത്ത് എന്നിവയെപ്പറ്റി അന്വേഷിക്കാൻ ക്രൈം ബ്രാഞ്ച് വിഭാഗത്തിൽ |

| | | | |
|---|---|---|---|
| | | | പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ രണ്ട് ഡി.വൈ.എസ്.പി മാരെ ഉൾപ്പെടുത്തി പ്രത്യേക സംഘം രൂപീകരിച്ചിട്ടുണ്ട്. ഈ അന്വേഷണ സംഘത്തിന്റെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അതത് ജില്ലാ പോലീസ് സൂപ്രണ്ട്മാരുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിച്ച വരുന്നുണ്ട്. ഇപ്പോൾ ഈ ഭാഗങ്ങളിൽ നിന്നും കരിമണൽ കടത്ത് നടക്കുന്നില്ലെന്നാണ് പോലീസ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. |
| (ബി) | മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ ഒത്തുതീർപ്പു വ്യവസ്ഥകൾ വ്യക്തമാക്കാമോ? | (ബി) | നിലവിൽ സർക്കാർ ഒത്തുതീർപ്പകളൊന്നും നടത്തിയിട്ടില്ല. നിയമ പരമായ നടപടികളാണ് സ്വീകരിച്ചവരുന്നത്. |

സെക്ഷൻ ഓഫീസർ